**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2033** **14-10-2024 - ൽ മറുപടിയ്ക്ക്**

**ലോക കേരളസഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ദെലീമ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കേരളത്തിലും, ഇതര സംസ്ഥാനങ്ങളിലും, വിദേശരാജ്യങ്ങളിലും അധിവസിക്കുന്ന ഇന്ത്യൻ പൗരന്മാരായ കേരളീയരുടെ പൊതുവേദിയായി ഉയർന്നു വരാൻ 'ലോക കേരളസഭ'യ്ക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലോക കേരളസഭ ലക്ഷ്യംവെയ്ക്കുന്ന പരമപ്രധാനമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | നാടിന്റെ വികസനത്തിൽ ഒരു പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണ നിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയ ആണ് ലോക കേരള സഭ. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി ചേർത്തുനിർത്തുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോട് ഒപ്പമുള്ള ഒരു പൊതുവേദിയായാണ് ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്. ലോക കേരള സഭയുടെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർവ്വമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സഭയുടെ അംഗബലം നിലവിൽ എത്രയാണെന്നും അംഗങ്ങൾ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണെന്നും അറിയിക്കുമോ; | (സി) | ലോക കേരള സഭയുടെ അംഗബലം 351 ആണ്. കേരള നിയമസഭയിലെ മുഴുവൻ അംഗങ്ങൾ, കേരളത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗങ്ങൾ, ഇന്ത്യൻ പൗരൻമാരായ കേരളീയ പ്രവാസികളെ പ്രതിനിധീകരിച്ച് 177 പേർ എന്നിവരാണ് ലോക കേരള സഭയിലെ അംഗങ്ങൾ. കൂടാതെ ഗാർഹിക തൊഴിലാളികൾ, ഡ്രൈവർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ആരോഗ്യ പ്രവർത്തകർ, ഐറ്റി പ്രൊഫഷണൽ, അക്കാദമിക് വിദഗ്ധർ, ശാസ്ത്രജ്ഞന്മാർ, വ്യവസായികൾ, അന്താരാഷ്ട്ര സംഘടനകളുമായി ബന്ധപ്പെട്ട പ്രവർത്തകർ തുടങ്ങിയ പ്രവാസികൾ ലോക കേരള സഭയിൽ അംഗങ്ങളായിട്ടുണ്ട്. ഇന്ത്യൻ പൗരൻമാരല്ലാത്ത കേരളീയരെയും ലോക കേരള സഭയുടെ പ്രവർത്തനങ്ങളിൽ മറ്റ് നിലകളിൽ പങ്കെടുക്കാൻ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തുന്നു. |
| (ഡി) | സഭയുടെ മേഖലാ സമ്മേളനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ഡി) | ഇന്ത്യക്ക് പുറത്ത് ഭൂപ്രദേശ അടിസ്ഥാനത്തിൽ അഞ്ചു മേഖലകളായി പ്രവാസികളെ തരം തിരിച്ചിട്ടുണ്ട്. പ്രവാസത്തിന്റെ സമാനതകളെയും മലയാളികളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിലാണ് ഇത്തരമൊരു തരംതിരിക്കൽ നടത്തിയിട്ടുള്ളത്. ലോക കേരള സഭയിൽ പലപ്പോഴും വളരെ ചുരുക്കം പ്രതിനിധികളെ മാത്രമേ പങ്കെടുപ്പിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ ഓരോ മേഖലയിലെയും പ്രശ്നങ്ങൾ വ്യത്യസ്തവുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ലോക കേരള സഭാ മേഖലാ സമ്മേളനങ്ങൾ നടത്താറുള്ളത്. 2019-ൽ യു.എ.ഇ, 2022-ൽ യു.കെ, 2023-ൽ യു.എസ്.എ എന്നിങ്ങനെ മൂന്ന് മേഖലാ സമ്മേളനങ്ങളാണ് നടത്തിയിട്ടുള്ളത്. ഈ സമ്മേളനങ്ങൾ പൂർണ്ണമായും പ്രവാസി മലയാളികളുടെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിച്ചിട്ടുള്ളത്. |
| (ഇ) | പ്രവാസികളുടെ വിവിധ പ്രശ്നങ്ങളെ മുൻനിർത്തി ലോക കേരള സഭ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഇ) | ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. |

- പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു.
- വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനും നോർക്ക റൂട്ട്സിൽ എൻ.ആർ.കെ വനിതാ സെൽ രൂപീകരിച്ചു.
- കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സി.ഡി.എസ്-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു.
- പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.
- പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചു.
- റവന്യൂ-സർവേ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവാസികളുടെ അപേക്ഷകളും പരാതികളും നിവേദനങ്ങളും സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ് പ്രവാസി മിത്രം പോർട്ടൽ ആരംഭിച്ചു.
- മൂന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദേശങ്ങളിൽ ഒന്നായ കേരളാ മൈഗ്രേഷൻ സർവേ 2023 സംഘടിപ്പിച്ചു.
- ലോക മലയാളികൾക്ക് സംവദിക്കാൻ സർക്കാർ 'ലോക കേരളം ഓൺലൈൻ' എന്ന പോർട്ടൽ രൂപീകരിച്ചു.
- പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി' എന്ന പദ്ധതി ആരംഭിച്ചു.
- കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ 14 രാജ്യങ്ങളിൽ ലോക കേരള സഭാ അംഗങ്ങളുടെയും പ്രവാസി സംഘടനകളുടെയും സഹകരണത്തോടെ നോർക്ക ഹെല്പ് ഡെസ്കുകൾ പ്രവർത്തിച്ചു. പ്രസ്തുത ഡെസ്ക് പ്രവാസി മലയാളി സമൂഹത്തിന് വലിയ പിന്തുണ നൽകി.

| | | | |
|---|---|---|---|
| | | | കോവിഡിന്റെ രണ്ടാം തരംഗത്തിൽ സംസ്ഥാനത്തിന് ആവശ്യമായ കോവിഡ് റിലീഫ് മെറ്റീരിയൽസ്, വെന്റിലേറ്റേഴ്സ്, ഓക്സിജൻ ടാങ്ക്, പൾസ് ഓക്സീമീറ്റർ തുടങ്ങിയവ വിവിധ രാജ്യങ്ങളിൽ നിന്നു ലോക കേരള സഭാംഗങ്ങളും പ്രവാസി മലയാളികളും കേരളത്തിന് നൽകിയിരുന്നു.<br>• കോവിഡ് കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ അനിശ്ചിതത്വത്തിന് പരിഹാരമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിദ്യാകിരണം പ്രോജക്ടിന് ലോക കേരള സഭാംഗങ്ങൾ വലിയ പിന്തുണ നൽകി.<br>• വിദേശത്ത് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ, മരണപ്പെട്ടവർ, പൊതുമാപ്പ് അടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് നാട്ടിലേക്ക് തിരികെ വരുന്നവർ എന്നിവർക്ക് ആവശ്യമായ സഹായങ്ങൾ ലോക കേരള സഭാ അംഗങ്ങളുടെ നേതൃത്വത്തിൽ ചെയ്തുവരുന്നു |

സെക്ഷൻ ഓഫീസർ